## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2969 19.06.2014-ലെ മറുപടിക്ക്

# കൊല്ലം ജില്ലയിലെ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ പേരുവിവരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). 2013-14 സാമ്പത്തിക വർഷത്തിൽ കൊല്ലം ജില്ലയിൽ പൊതു മരാമത്ത് വകുപ്പ് പണി തുടങ്ങിവെച്ചതും പൂർത്തിയായതുമായ പ്രവൃത്തികളുടെ പേരു വിവരം താലൂക്ക് തിരിച്ച് വ്യക്തമാക്കുമോ; | (എ). 2013-14 സാമ്പത്തിക വർഷത്തിൽ കൊല്ലം ജില്ലയിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ കൊല്ലം ജില്ലയിലെ പുനലൂർ നിയോജക മണ്ഡലത്തിലെ വയക്കൽ-ഒഴുക്കുപാറക്കൽ-മനംകന്ന് പള്ളി റോഡിന്റെ പുനരുദ്ധാരണ പണികൾ പൂർത്തിയാക്കി.<br>കെട്ടിട വിഭാഗത്തിന്റെ കീഴിൽ കൊല്ലം ജില്ലയിലെ 2013-14 സാമ്പത്തിക വർഷത്തിൽ പണി തുടങ്ങിവെച്ചതും പൂർത്തിയാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |
| (ബി). മരാമത്തു പണികൾക്കുള്ള സാങ്കേതിക അനുമതിയും ഭരണാനുമതിയും ലഭിച്ചിട്ടും നാളിതുവരെ പണി തുടങ്ങാത്ത പ്രവൃത്തികളുടെ കൊല്ലം ജില്ലയിലെ ലിസ്റ്റ് ലഭ്യമാക്കുമോ; | (ബി). സാങ്കേതികാനുമതിയും, ഭരണാനുമതിയും ലഭിച്ചിട്ടും നാളിതുവരെ പണി തുടങ്ങാത്ത പ്രവൃത്തികളുടെ കൊല്ലം ജില്ലയിലെ ലിസ്റ്റ് അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |
| (സി). അംഗീകൃത കോൺട്രാക്ടർമാർക്ക് പണി പൂർത്തീകരിച്ചാൽ സമയബന്ധിതമായി ബില്ലുകൾ മാറുന്നില്ല എന്ന ആക്ഷേപം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (സി). അംഗീകൃത കോൺട്രാക്ടർമാർക്ക് സമയബന്ധിതമായി ബില്ലുകൾ മാറുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ട്. കോൺട്രാക്ടർമാരുടെ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനുള്ള നടപടി ധനവകുപ്പ് സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ഡി). | മരാമത്തു പണികൾ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടും ബില്ലു മാറിക്കിട്ടാത്തതിന്റെ പേരിൽ കോൺട്രാക്ടർമാർ ആത്മഹത്യ നടത്തിയതായി അറിവ് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പേരു വിവരം വെളിപ്പെടുത്തുമോ? | (ഡി). | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനൂബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**